858
23/11/15

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനത്തിന് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ (SEBC) ക്രീമിലെയർ വിഭാഗത്തെ ഒഴിവാക്കിക്കൊണ്ടുള്ള സ്കീം - നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം - ഭേദഗതി വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (പി ) നമ്പർ. 3/2015/പിസവിവ. തീയതി, തിരുവനന്തപുരം, 23.01.2015.

==========================================================================

പരാമർശം : - സ. ഉ (പി) നം. 1/2015/പിസവിവ തീയതി 1.01.2015.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനത്തിന് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ (SEBC) വിദ്യാർത്ഥികൾക്ക് നോൺ ക്രീമിലെയർ വ്യവസ്ഥ മാനദണ്ഡമാക്കികൊണ്ട് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ശുപാർശയും പരാമർശത്തിലെ ഉത്തരവു പ്രകാരവും ഈ ആവശ്യത്തിന് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിലെ തഹസീൽദാർ തൊട്ട് മുകളിലേക്കുള്ളവരായിരിക്കണം എന്നാണ് ഉത്തരവായിരുന്നത്. സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നൽകിയ ശുപാർശകളിലെ തഹസീൽദാർ മുതൽ മുകളിലേക്കെന്ന മാർഗ്ഗ നിർദ്ദേശങ്ങളി (guidelines) -ലെ ശുപാർശ ഒഴികെയുള്ളത് പൂർണ്ണമായും അംഗീകരിച്ചുകൊണ്ടും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം തഹസീൽദാർ എന്നതിന് പകരം വില്ലേജ് ഓഫീസർ മുതൽ മുകളിലേക്കുള്ള റവന്യൂ ഉദ്യോഗസ്ഥർ എന്ന് 1.01.2015. ലെ സ. ഉ (പി) നം. 1/2015/പിസവിവ -യിൽ ഭേദഗതി വരുത്തികൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുപ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും
ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാരും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം,
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ഉന്നത വിദ്യാഭ്യാസ വകുപ്പ്,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്. സി) വകുപ്പ്
കരുതൽഫയൽ/ഓഫീസ്കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ